LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ അനലിറ്റിക്കൽ ലാബും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും നിലവിലുള്ളതാണ്. ആയതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകൾ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ മരുന്ന് പരിശോധനാ ലാബുകൾ നിലവിലുണ്ട്. തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) മേൽ ലാബുകളിൽ പരിശോധനയ്ക്ക് എത്തിച്ചേരുന്നവരിൽനിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം ചാർജ്ജ് മാത്രമാണ് ഈടാക്കുന്നത്. മറ്റ് സ്വകാര്യ ലാബുകളുടെ ചാർജ്ജുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം തുച്ഛമായ സംഖ്യ മാത്രമാണ് ഈടാക്കുന്നത്. ഉദാഹരണമായി ഡെങ്കി, ലെപ്റ്റോ, വൈഡാൾ തുടങ്ങിയ ടെസ്റ്റുകൾക്ക് സ്വകാര്യ മേഖല വലിയ ചാർജ്ജ് ഈടാക്കുമ്പോൾ സർക്കാർ ലാബുകളിൽ ബി.പി.എൽ.കാർക്ക് അത് സൗജന്യമാണ്. തൈറോയ്ഡ്, ഡി.എൻ.എ (പി.സി.ആർ) തുടങ്ങിയ ടെസ്റ്റുകൾ യഥാക്രമം 400, 2000 എന്നീ തുകകൾക്കുമേൽ സ്വകാര്യ ലാബുകൾ ഈടാക്കുമ്പോൾ സർക്കാർതലത്തിൽ 150, 850 എന്നീ ചാർജ്ജുകൾ മാത്രമാണ് എ.പി.എൽ. കാരിൽനിന്നും ഈടാക്കുന്നത്.

കൂടാതെ ബി.പി.എൽ., അനാഥർ, അഗതിമന്ദിരത്തിൽനിന്ന് വരുന്നവർ, മാനസിക രോഗികൾ തുടങ്ങി സർക്കാർ തീരുമാനത്തിന് വിധേയമായി അർഹരായ എല്ലാവർക്കും തികച്ചും സൗജന്യമായി മേൽ വിവരിച്ച ചെലവേറിയ ടെസ്റ്റുകൾ ഉൾപ്പെടെ എല്ലാ രോഗനിർണ്ണയങ്ങളും നടത്താറുണ്ട്.

**പ്രാഥമിക ആരോഗ്യരംഗം സമഗ്രമായി വികസിപ്പിക്കാൻ പദ്ധതി**

**33 (2242)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് ചികിത്സക്കുള്ള പ്രതിശീർഷ ചെലവിൽ ഏറ്റവും മുന്നിലാണ് കേരളമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ സാഹചര്യം ഒഴിവാക്കാൻ പൊതുമേഖലയിലെ പ്രാഥമിക ആരോഗ്യരംഗം സമഗ്രമായി വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരും മരുന്നും സേവനവും ഉറപ്പാക്കിയാൽ ചികിത്സാ ചെലവ് എത്രകണ്ട് കുറക്കാനാകുമെന്ന് വ്യക്തമാക്കുമോ ; ഇതിനാവശ്യമായ നടപടി കൈക്കൊള്ളുമോ ;

(ഡി) ഏറ്റവും ചെലവേറിയ മരുന്നുകൾ, ലാബ് പരിശോധന, സ്കാനിംഗ് എന്നിവ പൊതുമേഖലാ കേന്ദ്രങ്ങൾമുഖേന സാർവ്വത്രികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടനയുടെ 2010-11-ലെ പഠന റിപ്പോർട്ട് പ്രകാരം ദേശീയ ശരാശരിയെക്കാൾ ഉയർന്ന തുകയാണ് മലയാളി മരുന്നിന് ചെലവിടുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കായുള്ള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വിദഗ്ധ റിപ്പോർട്ടിൽ രാജ്യത്ത് ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളമെന്ന് പരാമർശിക്കുന്നുണ്ട്.

ദീർഘകാല ചികിത്സയെടുക്കേണ്ടുന്ന ജീവിതശൈലിരോഗങ്ങളുടെ വർദ്ധനവ്, ആയുർദൈർഘ്യം വർദ്ധിച്ചതുവഴി വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, ഉയർന്ന ആരോഗ്യ സാക്ഷരത, ചികിത്സ തേടാനുള്ള ജനങ്ങളുടെ താല്പര്യം, സ്വകാര്യ മേഖലയുടെ വളർച്ച എന്നീ ഘടകങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആരോഗ്യകേന്ദ്രങ്ങളുടെ വർദ്ധനവ് മെച്ചപ്പെട്ട ഡോക്ടർ-രോഗി അനുപാതം, ആരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് ജനങ്ങൾക്ക് എത്താനുള്ള സൗകര്യം എന്നിവയും ചികിത്സയ്ക്കുള്ള പ്രതിശീർഷ ചെലവിൽ കേരളം മുന്നിലാകാൻ കാരണമായിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യവികസനത്തിനും മറ്റ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 2210 പ്ലാൻ ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി തുക വകയിരുത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചുള്ള വിവരം താഴെകൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

2. പ്രധാന നിർമ്മാണ പ്രവൃത്തികൾ

3. ഡയഗ്നോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ

4. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ

5. പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം തുടങ്ങിയവ.

(സി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരും മരുന്നും സേവനവും ലഭ്യമാക്കിയാൽ ജനങ്ങളുടെ ചികിത്സാചെലവ് കുറയ്ക്കാൻ സാധിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് പ്രാഥമിക ചികിത്സാ മേഖല ശക്തിപ്പെടുത്താനുള്ള നടപടികൾ ആരോഗ്യവകുപ്പ് ചെയ്യുവരുന്നു. പദ്ധതി/ പദ്ധതിയേതര വിഹിതം, എം.എൽ.എ./എം.പി.മാരുടെ ആസ്തി വികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ട് ഉപയോഗിച്ച് പി.എച്ച്.സി., സി.എച്ച്.സി., എന്നിവയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ചെയ്യുവരുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഇവ വഴിയുള്ള വികസന പ്രവർത്തനങ്ങൾ പി.എച്ച്.സി/സി.എച്ച്.സി.കളിൽ നടന്നുവരുന്നു. ദേശീയ ആരോഗ്യമിഷന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രൈമറി ഹെൽത്ത് ലാബുകൾ സി.എച്ച്.സി./പി.എച്ച്.സി.കളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാതിരുന്ന പഞ്ചായത്തുകളിൽ 25 പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ മരുന്നുകൾ കെ.എം.സി.എൽ. വഴി വാങ്ങി ലഭ്യമാക്കുന്നുണ്ട്.

(ഡി) ഡയഗ്നോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് പരിശോധന, സ്കാനിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ പ്രാഥമിക ആരോഗ്യതലം മുതലുള്ള സ്ഥാപനങ്ങളിൽ ആവശ്യമുള്ള പരിശോധന ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**കായംകുളം നഗരസഭാ പ്രദേശത്തെ ഡെങ്കിപ്പനി പ്രതിരോധനടപടികൾ**

**34 (2243)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭാ പ്രദേശത്ത് ഡെങ്കിപ്പനി പടരാൻ സാധ്യത ഏറെയുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും കായംകുളം നഗരസഭ പ്രദേശത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

**തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

**35 (2244)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ആശുപത്രി ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം വാങ്ങുന്നതിന് എം.പി. ചെയർമാനായും സ്ഥലം എം.എൽ.എ. കൺവീനറായും ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി സ്ഥലം വില കൊടുത്ത് വാങ്ങുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത്, തലശ്ശേരി നഗരസഭ എന്നീ സ്ഥാപനങ്ങൾ 50 ലക്ഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly